ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് 75:25 അനുപാതത്തിൽ യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാർ വകയിരുത്തുന്നു. കേരളത്തിൽ എസ്സി, ജനറൽ വിഭാഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും എസ്റ്റി. വിഭാഗത്തിന് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ ഓരോ വീടിനും അധിക ധനസഹായം നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം പൂർണ്ണമായും നൽകിയിട്ടില്ല. 2012-13 മുതലുള്ള സംസ്ഥാന സർക്കാർ നൽകുവാനുള്ള അധിക ധനസഹായ തുകയിൽ കുടിശ്ശിക വന്നിട്ടുണ്ട്.

ഗ്രാമീണ റോഡ് വികസനം

46 (3012) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ ;

(ബി) വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly